# മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടികൾ

*(സാന്നിദ്ധ്യം: കെ. മുരളി, ഡെപ്യൂട്ടി കമ്മീഷണർ(നിയമം)*
*(കമ്മീഷണറുടെ അധികചുമതലയിൽ)*

**ഉത്തരവ് നമ്പർ ജെ4-4300/2016/എം.ഡി.ബി തീയതി : 06.09.2016**

വിഷയം: മലബാർ ദേവസ്വം ബോർഡ് - ക്ഷേത്രജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കും വർദ്ധിപ്പിച്ച നിരക്കിലുളള ഉത്സവബത്ത, അഡ്വാൻസ് എന്നിവ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:
1) മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ ജെ4-4300/16 തീയ്യതി 25/08/2016.
2) മലബാർ ദേവസ്വം ബോർഡ് യോഗ തീരുമാനം നമ്പർ(1) തീയ്യതി 06/09/2016.

. . . . . .

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രജീവനക്കാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കും ഉത്സവബത്ത/ബോണസ്സ്, അഡ്വാൻസ് എന്നിവ അനുവദിച്ചുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്സവബത്ത, അഡ്വാൻസ് എന്നിവ വർദ്ധിപ്പിച്ചു നൽകുന്നതിന് ക്ഷേത്രജീവനക്കാരുടെ സർവ്വീസ് സംഘടനകൾ നിവേദനം സമർപ്പിക്കുകയുണ്ടായിട്ടുണ്ട്. ഈ നിവേദനങ്ങൾ ബോർഡ് പരിഗണിക്കുകയും, അനുവദിച്ച ഉത്സവബത്തയിൽ 500/- രൂപയുടേയും നിത്യവേതനാടിസ്ഥാനത്തിൽ ക്ഷേത്രങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് 250/- രൂപയുടേയും അഡ്വാൻസ് തുകയിൽ 2000/- രൂപയുടേയും വർദ്ധനവ് വരുത്തുന്നതിന് സൂചന (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള എക്സിക്യൂട്ടീവ് ഓഫീസർമാർക്കും, ക്ഷേത്രജീവനക്കാർക്കും, സൂചന (1) ഉത്തവ് പ്രകാരം അനുവദിച്ച ഉത്സവബത്തയിൽ 500 രൂപയും (അഞ്ഞൂറ് രൂപ മാത്രം) നിത്യവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 250 (ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയുടേയും, അഡ്വാൻസ് തുകയിൽ 2000 രൂപയുടേയും (രണ്ടായിരം രൂപ മാത്രം) വർദ്ധനവ് വരുത്തികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇതു പ്രകാരം ഏറ്റവും കുറഞ്ഞ ഉത്സവബത്ത 5500 (അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ, കൂടിയ ഉത്സവബത്ത 6500 (ആറായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുമായിരിക്കും. നിത്യവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുളള ഉത്സവബത്ത 3250 (മൂവ്വായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയുമായിരിക്കും.

ക്ഷേത്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി പരമാവധി 12000 രൂപ (പന്ത്രണ്ടായിരം രൂപ മാത്രം) അഡ്വാൻസ് തുകയായി 8 തുല്യഗഡുക്കളായി തിരിച്ചു പിടിക്കണമെന്ന വ്യവസ്ഥയിൽ ക്ഷേത്രഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്. സൂചന ഒന്നു പ്രകാരമുള്ള ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)
**കമ്മീഷണർ**

//അംഗീകാരത്തോടെ//

ജൂനിയർ സൂപ്രണ്ട്

1. അസിസ്റ്റന്റ് കമ്മീഷണർ
   മലബാർ ദേവസ്വം ബോർഡ്,
   കാസർഗോഡ് /തലശ്ശേരി/ കോഴിക്കോട്/
   മലപ്പുറം/പാലക്കാട്
2. ജോയിന്റ് ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്
   എച്ച്.ആർ.ഇ. ഓഡിറ്റ്, പാലക്കാട്
3. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
   മലബാർ ദേവസ്വം ഓഡിറ്റ്,
   സിവിൽ സ്റ്റേഷൻ, കോഴിക്കോട്.
4. സെക്രട്ടറി,
   ക്ഷേമനിധി,
   മലബാർ ദേവസ്വം ബോർഡ്,
   കോഴിക്കോട്.
5. പ്രസിഡണ്ടിന്റെ പി.എ
6. ഹെഡ് അക്കൗണ്ടന്റ്
7. എച്ച്3- സെക്ഷൻ
8. വെബ്ബ്സൈറ്റ്
9. അധികം.